പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ

49 (3203) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ ഏതെല്ലാം;

(ബി) പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും എത്ര തുക ഈ സാമ്പത്തിക വർഷം അനുവദിച്ചു; വിശദാംശം ഇനം തിരിച്ച് നൽകാമോ;

(സി) അനെർട്ടിന്റെ നിലവിലുള്ള വിവിധ പദ്ധതികൾ പ്രയോജനപ്പെടുത്തി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു; ഓരോ പദ്ധതികളിൽ നിന്നും ലഭ്യമാക്കുന്ന വൈദ്യുതിയുടെ അളവ് പ്രത്യേകം പ്രത്യേകം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അനെർട്ട് മുഖേന നടപ്പിലാക്കുന്ന പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. 10000 റൂഫ് ടോപ്പ് പദ്ധതി പ്രകാരം 10000 വീടുകളിൽ ഒരു കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.
2. 2 kw മുതൽ 50 kw വരെ ശേഷിയുള്ള ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റുകൾ.
3. നിലവിലുള്ള ഇൻവെർട്ടറുകൾ സൗരോർജ്ജം ഉപയോഗിച്ച് ചാർജ്ജ് ചെയ്യുന്നതിന് കെ.എസ്.ഇ.ബി.-യും അനെർട്ടും ചേർന്ന് നടപ്പിലാക്കുന്ന സോളാർ പീക്ക് ലോഡ് ഷിഫ്റ്റ് പദ്ധതി.
4. പാചകത്തിനായി ഊർജ്ജക്ഷമതയേറിയ അടുപ്പുകളുടെയും മറ്റുപകരണങ്ങളുടെയും വ്യാപനത്തിനുള്ള പദ്ധതി.
5. ബയോഗ്യാസ് പ്ലാന്റുകളുടെ (ഗാർഹികം, ഗാർഹികേതരം) നിർവ്വഹണ പദ്ധതി.
6. സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി
7. സൗരോർജ്ജ റാന്തലുകളുടെ വിതരണം
8. കയർ മേഖലയിലെ ഗ്രാമീണ വനിതകൾക്ക് സൗരോർജ്ജത്തിൽ പ്രവർത്തിപ്പിക്കാവുന്ന സോളാർ കയർ റാട്ടുകളുടെ വ്യാപനത്തിനുള്ള പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

9. സോളാർ സ്റ്റീം ജനറേറ്റർ ഉപയോഗിച്ച് കമ്മ്യൂണിറ്റി പാചകം നടപ്പാക്കാനുള്ള പദ്ധതി.

10. 140 hp വരെ ശേഷിയുള്ള വാട്ടർ പമ്പിംഗ് സിസ്റ്റംസ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി *ചേർക്കുന്നു.

(ബി) പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും സോളാർ വാട്ടർ ഹീറ്റർ (2011-12) സബ്സിഡി വകയിൽ 40,40,000 രൂപയും സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 5,66,56,356 രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ നിന്നും സോളാർ പദ്ധതി നടപ്പിലാക്കുന്നതിന് 2015-16 വർഷത്തിൽ 6 കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിച്ചിട്ടുണ്ട്.

(സി) അനെർട്ടിന്റെ 10000 റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം ഇതിനകം സ്ഥാപിച്ചു കഴിഞ്ഞ 1 കിലോവാട്ട് ശേഷിയുള്ള 7100 പ്ലാന്റുകൾ വഴി 7.1 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഡെമോൺസ്ട്രേഷൻ പദ്ധതി പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിച്ച 110 കിലോവാട്ട് ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ 0.11 മെഗാവാട്ട് സ്ഥാപിതശേഷിയുള്ളവയാണ്.

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി

50 (3204) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ആർ.ജി.ജി.വൈ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ എത്ര പേർക്ക് പുതുതായി കണക്ഷൻ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ജില്ലയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രവൃത്തികൾ കേരളത്തിൽ 10 ജില്ലകളിൽ പൂർത്തീകരിച്ചു. ബാക്കിയുള്ള തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഈ പദ്ധതി 30-9-2015-ൽ പൂർത്തീകരിക്കും.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly